'സഹകരണ വീഥി'യുടെ എഡിറ്റർ നിയമനം

95 (1294) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ മാസികയായ സഹകരണ വീഥിയുടെ എഡിറ്ററും പബ്ലിക് റിലേഷൻസ് ആഫീസറുമായി ഇപ്പോൾ സർക്കാർ നിയമിച്ച വ്യക്തിയുടെ യോഗ്യതകൾ എന്തൊക്കെയാണ് ;

(ബി) ഇദ്ദേഹത്തിന്റെ നിയമന കരാറും വ്യവസ്ഥകളും എന്തൊക്കെയാണ് ;

(സി) ഇദ്ദേഹത്തിന് പത്രപ്രവർത്തന രംഗത്ത് മുൻപരിചയം ഉണ്ടോ ; ഉണ്ടെങ്കിൽ ഏത് പത്രത്തിന്റെ ;

(ഡി) ഇദ്ദേഹം ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിക്കുന്നതായി സർക്കാരിന് അറിയുമോ ;

(ഇ) എങ്കിൽ ഏത് പാർട്ടിയിലാണ് ;

(എഫ്) ഈ നിയമനം സർക്കാർ റദ്ദാക്കുമോ ?

ഉത്തരം

(എ) ബി.എ. ബിരുദ കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട് പത്ര പ്രവർത്തന രംഗത്ത് 10 വർഷത്തിൽ കുറയാത്ത പരിചയവും 20 വർഷമായി പ്രസ് അക്രഡിറ്റേഷനും ഉണ്ട്.

(ബി) കരാറടിസ്ഥാനത്തിൽ 7,000 രൂപ പ്രതിമാസ മൊത്ത ശമ്പളത്തിൽ രണ്ടു വർഷത്തേയ്ക്കോ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി നിയമിക്കപ്പെടുന്നവരേയോ ഏതാണോ ആദ്യം അതുവരെ ഉള്ള താല്ക്കാലിക നിയമനമാണ് നടത്തിയിട്ടുള്ളത്.

(സി) ജനയുഗം, സായ്ഹ്നം, മംഗളം സപ്ലീമെന്റ് എന്നീ പത്രങ്ങൾക്കു വേണ്ടി പ്രവർത്തിച്ചിട്ടുണ്ട്.

(ഡി-ഇ) അറിയില്ല.

(എഫ്) ബി എന്ന ഉപചോദ്യത്തിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ നിയമനം

96 (1295) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരുടെ എത്ര തസ്തികകൾ ഒഴിവുണ്ടെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly